"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഇ) വകുപ്പ്**

G.O.(Rt)No.297/2023/LSGD തീയതി,തിരുവനന്തപുരം, 02-02-2023

---

പരാമർശം:- 1. ലൈഫ് മിഷൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 26/12/2022 തീയതിയിലെ എൽ.എം.5/13/ലൈഫ്/2022 നമ്പർ കത്ത്

**ഉത്തരവ്**

കേരള സർക്കാരിന്റെ ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി ആരംഭിച്ച 'മനസോടിത്തിരി മണ്ണ്" ക്യാമ്പയിൻ ഇതിനോടകം ജനശ്രദ്ധ നേടിയിട്ടുണ്ട് ലൈഫ് മിഷൻ ഭൂരഹിത ഭവനരഹിത ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ഭൂമി കണ്ടെത്തുന്നതിനുള്ള പ്രസ്തുത ക്യാമ്പയിൻ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കൂടുതൽ ഊർജ്ജിതമാക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ 'മനസ്സോടിത്തിരി മണ്ണ് ' ക്യാമ്പയിൻ പ്രവർത്തനങ്ങൾ വിപുലീകരിച്ച് നടപ്പിലാക്കുന്നതിനുള്ള കരട് മാർഗ്ഗ രേഖയുടെ ഉത്തരവ് പുറപ്പെടുവിക്കാനായി ലൈഫ് മിഷൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം(1) പ്രകാരം സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.'മനസ്സോടിത്തിരി മണ്ണ് ' ക്യാമ്പയിൻ പ്രവർത്തനങ്ങൾ വിപുലീകരിച്ച് നടപ്പിലാക്കുന്നതിനായി അനുബന്ധമായി ചേർക്കുന്ന മാർഗ്ഗ രേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR G
ADDITIONAL SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba S C

Date: 05-02-2023 11:10:27

സെക്ഷൻ ഓഫീസർ

### നവകേരളം കർമ്മപദ്ധതി – ലൈഫ് മിഷൻ

# 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ മാർഗ്ഗരേഖ (കരട്)

**ആമുഖം**

ലൈഫ് 2020 ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചതോടുകൂടി 3.22 ലക്ഷം ഭൂരഹിത ഭവന രഹിതർക്ക് ഭൂമി കണ്ടെത്തുകയും 6.5 ലക്ഷത്തിൽപ്പരം ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുകയും എന്ന സമാനതകളില്ലാത്ത ഒരു പദ്ധതിയാണ് ലൈഫ് മിഷന്റെ ഭാഗമായി നടന്നു വരുന്നത്. ഭൂരഹിത ഭവനരഹിതരായവർക്ക് മുഴുവൻ ഭൂമിയും വീടും നൽകുകയും ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മിക്കാൻ ധനസഹായം നൽകുകയും ചെയ്യുക എന്ന രണ്ടു ഘട്ടങ്ങളും കൂടി പൂർത്തിയാക്കാൻ വലിയ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തേണ്ടിവരും. ഭൂരഹിതരായ ഗുണഭോക്താക്കൾക്ക് വേണ്ടി ഏകദേശം പതിനായിരം ഏക്കർ ഭൂമി കണ്ടെത്തേണ്ടി വരുമെന്നതാണ് ഇതിൽ ഏറെ ശ്രമകരം. ഗുണഭോക്താക്കൾക്ക് സ്വയം ആർജിക്കാൻ കഴിയുന്നതും വിവിധ വകുപ്പുകളുടെ പദ്ധതികൾ വഴി ലഭിക്കുന്നതുമായ ഭൂമിക്ക് പരിമിതിയുണ്ടെന്നതിനാൽ സമൂഹം ഈ പ്രശ്നം ഏറ്റെടുത്ത് പരിഹരിക്കാൻ ശ്രമിച്ചാലേ പൂർണ്ണ ലക്ഷ്യപ്രാപ്തി സാധ്യമാകൂ. സംസ്ഥാനത്തെ മുഴുവൻ ജനവിഭാഗങ്ങളുടെയും ഹൃദയത്തിൽ സ്പർശിക്കുന്ന അതിബൃഹത്തായ ഒരു ക്യാമ്പയിനിലൂടെ മാത്രമേ ഇത് വിജയകരമായി നടപ്പാക്കാനാകൂ. ഇതിനായി ലൈഫ് മിഷൻ ആരംഭിച്ചിട്ടുള്ള 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൽ വിപുലീകരിച്ചുകൊണ്ട് താഴെപ്പറയും പ്രകാരമുള്ള ക്യാമ്പയിൻ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

**രണ്ട് തലങ്ങളിലുള്ള ക്യാമ്പയിൻ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണമായ നേതൃത്വത്തിലും മേൽനോട്ടത്തിലും മുന്നോട്ടുപോകുന്ന ഒരു ക്യാമ്പയിനാണ് പ്രധാനമായും വിഭാവനം ചെയ്തിരിക്കുന്നത്. ഇതോടൊപ്പം സംസ്ഥാന സർക്കാർ നേരിട്ടും വിവിധ വകുപ്പുകളും ഏജൻസികളും മിഷനുകളും വഴിയും ഒരുക്കേണ്ട പിന്തുണാ സംവിധാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന് രണ്ട് പ്രധാന ഘടകങ്ങൾ ഉണ്ടാകും. സംസ്ഥാനതലത്തിൽ സർക്കാരും, മിഷനുകളും, ഏജൻസികളും വകുപ്പുകളും ചേർന്നു നടത്തുന്ന പ്രവർത്തനവും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടക്കുന്ന ജനകീയ ക്യാമ്പയിനും.

# I. സംസ്ഥാനതല പ്രവർത്തനങ്ങൾ

'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ രീതി നിശ്ചയിക്കൽ, നയപരമായ തീരുമാനങ്ങൾ ആവശ്യമായ ഘടകങ്ങൾ കണ്ടെത്തി തീരുമാനങ്ങളെടുക്കൽ, സംസ്ഥാനതല ക്യാമ്പയിൻ സമിതി രൂപീകരിക്കൽ, സംസ്ഥാനതല ഐ.ഇ.സി. സെൽ രൂപീകരിക്കൽ, വിവിധ വിഭാഗം ജനങ്ങളുമായി സംസ്ഥാനതലത്തിൽ നടക്കേണ്ട യോഗങ്ങൾ സംഘടിപ്പിക്കൽ, സംസ്ഥാനതല പ്രചാരണ പ്രവർത്തനങ്ങൾ നടത്തൽ എന്നിവയെല്ലാം സംസ്ഥാനതലത്തിൽ നടത്തുക.

## 1. നയപരമായ തീരുമാനങ്ങൾ എടുക്കൽ

സംസ്ഥാന തലത്തിൽ നയപരമായ തീരുമാനങ്ങൾ യഥാസമയം എടുക്കുകയും ഉത്തരവ്/ സർക്കുലർ പുറത്തിറക്കുകയും ചെയ്യുക.

ചുവടെ പറയുന്ന ഘടകങ്ങൾ പരിഗണിച്ച് സംസ്ഥാനതലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

- ഭൂമി സംഭാവന ചെയ്യുന്നവരുടെ വിവരങ്ങൾ അനുയോജ്യമായ രീതിയിൽ പരസ്യപ്പെടുത്തുന്നതിന് സംസ്ഥാനതലത്തിൽ സംവിധാനമൊരുക്കുക. ഭൂമി സംഭാവന ചെയ്യുന്ന മുഴുവൻ പേരുടേയും വിവരങ്ങൾ തുല്യ പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കേണ്ടതാണ്. സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റിന്റേയും നവകേരളം കർമ്മപദ്ധതി, ലൈഫ് മിഷൻ, കില വെബ്സൈറ്റുകളിൽ ഈ വിവരം പ്രസിദ്ധീകരിക്കുക. കൂടാതെ ജില്ലാതല ലിസ്റ്റ് ജില്ലാ കളക്ടർമാരുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജുകളിലും പ്രസിദ്ധീകരിക്കക്കേണ്ടതാണ്.
- ഭൂമി സംഭാവന ചെയ്യാൻ സന്നദ്ധതയുള്ളവർക്ക് അത് സർക്കാറിനെ/തദ്ദേശസ്വയംഭരണ സ്ഥാപനത്തെ അറിയിക്കാനായി വെബ്സൈറ്റ്, ഓൺലൈൻ സംവിധാനം, മൊബൈൽ ആപ്പ്, ഫോൺ നമ്പർ എന്നീ സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്. ലഭ്യമാകുന്ന വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും അതിന്മേൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന നടപടി നിരീക്ഷിക്കുകയും ചെയ്യാൻ കഴിയുംവിധത്തി ലാണ് ഈ സംവിധാനങ്ങളൊരുക്കേണ്ടത്. നിശ്ചിത സമയത്തിനുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭൂമി സംഭാവന ചെയ്യാൻ സന്നദ്ധത പ്രകടിപ്പിച്ചവരെ ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നില്ലയെങ്കിൽ

സംസ്ഥാനതല ക്യാമ്പയിൻ സമിതിയുടെ നേതൃത്വത്തിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

- മന്ത്രിമാർ, എം.എൽ.എ.മാർ, എം.പി.മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മറ്റ് ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കുന്ന യോഗത്തിൽ വെച്ച് സംഭാവനയായി ലഭ്യമാകുന്ന ഭൂമിയുടെ രേഖകൾ ഭൂദാതാവിൽ നിന്നും ഏറ്റുവാങ്ങേണ്ടതും 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന്റെ ഭാഗമാകുന്ന വ്യക്തികളെ/സംഘടനകളെ ആദരിക്കേണ്ടതുമാണ്. ഇനിനായി മന്ത്രിമാർക്ക് ജില്ലാതല ചുമതല നൽകേണ്ടതും പ്രസ്തുത പരിപാടികൾ ആകർഷകമായ രീതിയിൽ സംഘടിപ്പിക്കേണ്ടതുമാണ്.

- സംഭാവനയായി നൽകിയ ഭൂമി ഏതെങ്കിലും വ്യക്തികളുടേയോ സ്ഥാപനങ്ങളുടേയോ കുടുംബത്തിന്റെയോ സംഘടനകളുടേയോ പേരിൽ അറിയപ്പെടാൻ താൽപ്പര്യമുള്ളവർക്ക് അതിനുള്ള സൗകര്യം ലഭ്യമാക്കേണ്ടതാണ്. സംഭാവന ചെയ്ത ഭൂമിയുടെ ഏതെങ്കിലും ഒരു ഭാഗത്ത് ഇത് സൂചിപ്പിക്കുന്ന ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ സ്ഥാപിക്കേണ്ടതാണ്. വലുപ്പം കൂടിയ ആർച്ച് മാതൃകയിൽ ബോർഡ് സ്ഥാപിക്കാൻ താൽപര്യപ്പെടുന്നവർക്ക് സ്വന്തം ചെലവിൽ ആയത് സ്ഥാപിക്കാൻ നിയമാനുസൃതമുള്ള അനുമതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്. എന്നാൽ സംഭാവന ചെയ്ത ഭൂമിയിൽ നിർമ്മിക്കുന്ന വീടുകൾക്ക് ഇപ്രകാരമുള്ള പേരുകൾ നൽകാൻ പാടുള്ളതല്ല.

- സർക്കാർ വക പുറമ്പോക്ക്/ഉടമസ്ഥരില്ലാതെ കിടക്കുന്ന ഭൂമി/ സ്ഥാപനങ്ങളുടെ പേരിൽ ഉപയോഗരഹിതമായി കിടക്കുന്ന ഭൂമി തുടങ്ങിയവ തദ്ദേശ സ്വയംഭരണ സ്ഥാപത്തിന്റെ നേതൃത്വത്തിൽ കണ്ടെത്തി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇപ്രകാരം റിപ്പോർട്ട് ചെയ്യപ്പെടുന്ന ഭൂമിയുടെ സ്ഥിതി പരിശോധിച്ച് അവ ലൈഫ് പദ്ധതിക്കായി ഏറ്റെടുക്കാൻ കഴിയുന്നവയാണെങ്കിൽ അതിനുള്ള നിയമാനുസൃത നടപടികൾ റവന്യൂ അധികാരികൾ മുഖേന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

- ഭൂമി സംഭാവന ചെയ്യുന്നവർക്ക് ഏതെങ്കിലും തരത്തിലുള്ള ഇളവുകൾ/ അംഗീകാരങ്ങൾ എന്നിവ നൽകുന്നതു സംബന്ധിച്ച്

പരിശോധിക്കുകയും അത് സംബന്ധിച്ച് നിർദ്ദേശങ്ങൾ / ഉത്തരവുകൾ പ്രത്യേകം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

## 2. സംസ്ഥാനതല ക്യാമ്പയിൻ സമിതി

കാമ്പയിനുമായി ബന്ധപ്പെട്ട് സംസ്ഥാനതലത്തിൽ നടക്കേണ്ട പ്രവർത്തനങ്ങൾ സമയ ബന്ധിതമായി നടത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി യഥാസമയം അവലോകനത്തിനു വിധേയമാക്കി ലക്ഷ്യപ്രാപ്തി ഉറപ്പു വരുത്തുന്നതിനും സംസ്ഥാനതലത്തിൽ ഒരു ക്യാമ്പയിൻ സമിതി രൂപീകരിക്കേണ്ടതാണ്.

സംസ്ഥാനതല ക്യാമ്പയിൻ സമിതി ഘടന

| | | |
|---|---|---|
| അദ്ധ്യക്ഷൻ മന്ത്രി | : | ബഹു. തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് |
| കൺവീനർ | : | ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി |
| ജോയിന്റ് കൺവീനർ | : | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ |
| കോർഡിനേറ്റർ | : | നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ |
| അംഗങ്ങൾ | : | അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ് |
| | : | പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് |
| | | പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് |
| | : | ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ് |
| | : | ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ് |
| | | ഡയറക്ടർ, പട്ടികജാതി വകുപ്പ് |
| | | ഡയറക്ടർ, പട്ടികവർഗ്ഗ വകുപ്പ് |
| | | ഡയറക്ടർ, ഫിഷറീസ് വകുപ്പ് |
| | : | ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ |
| | : | ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ പ്രതിനിധികൾ |
| | : | മുനിസിപ്പൽ ചെയർമെൻസ് ചേംബർ പ്രതിനിധികൾ |
| | : | മേയേഴ്സ് ചേംബർ പ്രതിനിധികൾ |

### 2.1 സംസ്ഥാനതല ക്യാമ്പയിൻ സമിതിയുടെ ഉത്തരവാദിത്തങ്ങൾ

- നയപരമായ തീരുമാനങ്ങൾ എടുക്കേണ്ട വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ഉത്തരവുകൾ /സർക്കുലറുകൾ / മാർഗ്ഗരേഖകൾ പുറപ്പെടുവിക്കൽ.

- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വിഭാവനം ചെയ്ത രീതിയിൽ തന്നെ ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനായി കൃത്യമായി അവലോകന യോഗങ്ങൾ നടത്തൽ.
- ക്യാമ്പയിന് ആവശ്യമായ നോട്ടീസുകൾ, ബ്രോഷറുകൾ തുടങ്ങിയ സാമഗ്രികൾ ലഭ്യമാക്കൽ.
- ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മതിയായ അളവിൽ ഭൂമി കണ്ടെത്താൻ കഴിയാതെ വന്നാൽ അധികഭൂമി ഉള്ള പ്രദേശങ്ങളിൽ പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭൂമി കണ്ടെത്തി നൽകുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തൽ.
- ഗുണഭോക്താക്കളുടെ എണ്ണത്തിനേക്കാൾ അധികമായി ഭൂമി ലഭിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അത്തരം ഭൂമി ഇതര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സമാനമായ ആവശ്യത്തിന് വേണ്ടി മാത്രം ഉപയോഗിക്കാനായി ഏറ്റെടുത്ത് ഭൂബാങ്ക് ഉണ്ടാക്കൽ.
- സംഭാവനയായി ലഭിക്കുന്ന ഭൂമി സംബന്ധിച്ച് ഉണ്ടാവുന്ന തർക്കങ്ങൾ (ഉടമസ്ഥത, വഴി, അനുയോജ്യത തുടങ്ങിയവ) പരിഹരിച്ച് ഭൂമിയുടെ രജിസ്ട്രേഷൻ നടപടി സ്വീകരിക്കൽ.

## 3. സംസ്ഥാനതല ഐ.ഇ.സി. സെൽ രൂപീകരണം

വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിലൂടെയും അനുകൂല മനോഭാവ സൃഷ്ടിയിലൂടെയും ക്യാമ്പയിന് മികച്ച തുടക്കം കുറിക്കുകയും അതിന്റെ തീവ്രത അൽപ്പവും നഷ്ടപ്പെടാതെ മുന്നോട്ടുകൊണ്ടുപോവുകയും ചെയ്യുക എന്നത് ഈ ക്യാമ്പയിനിൽ ഏറെ പ്രധാനപ്പെട്ടതാണ്. ഇതിനായി സംസ്ഥാനതലത്തിൽ ഒരു ഐ.ഇ.സി. സെൽ രൂപീകരിച്ച് ക്യാമ്പയിൻ പ്രവർത്തനങ്ങളെ ജനഹൃദയങ്ങളിലെത്തിക്കാൻ പര്യാപ്തമായ വിധത്തിലുള്ള പരസ്യ പ്രചരണ സാമഗ്രികൾ തയ്യാറാക്കേണ്ടതാണ്.

നവകേരളം കർമ്മപദ്ധതിയിലെ ഐ.ഇ.സി. വിഭാഗം, ഐ.&പി.ആർ.ഡി., തദ്ദേശ സ്വയംഭരണ വകുപ്പിലെ ഐ.ഇ.സി. വിദഗ്ധർ, കില ഐ.ഇ.സി വിഭാഗം എന്നിവർ ഉൾപ്പെടുന്നതായിരിക്കും ഈ ഐ.ഇ.സി. സെൽ. ആവശ്യാനുസരണം മറ്റ് ഐ.ഇ.സി. വിദഗ്ധരേയും ഈ സെല്ലിലേക്ക് ഉൾപ്പെടുത്താവുന്നതാണ്. നവകേരളം കർമ്മപദ്ധതി സംസ്ഥാന കോർഡിനേറ്ററുടെ അധ്യക്ഷതയിൽ പ്രവർത്തിക്കുന്ന ഈ സെല്ലിന്റെ

നേതൃത്വത്തിൽ സംസ്ഥാനതല ക്യാമ്പയിൻ മെറ്റീരിയലുകൾ തയ്യാറാക്കേണ്ടതാണ്.

4. **ബഹു. മുഖ്യമന്ത്രിയുടെ/ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന യോഗങ്ങൾ**

ക്യാമ്പയിന്റെ പരസ്യ പ്രചരണത്തിനുള്ള സാമഗ്രികൾ എല്ലാം സജ്ജമായിക്കഴിഞ്ഞാൽ ബഹു. മുഖ്യമന്ത്രിയുടെ/തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വിഭാഗം ജനപ്രതിനിധികളുടെ യോഗം ചേരേണ്ടതും ക്യാമ്പയിൻ ലക്ഷ്യങ്ങൾ വിശദീകരിക്കലും പിന്തുണ അഭ്യർത്ഥിക്കലും നടത്തേണ്ടതുമാണ്. ടി യോഗങ്ങളിൽ വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ, മാധ്യമ സ്ഥാപന മേധാവികൾ, മത–സാമുദായിക സംഘടനാ നേതാക്കൾ, പ്രവാസി സംഘടനാ പ്രതിനിധികൾ, എം.എൽ.എ. മാർ, എം.പി.മാർ, തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷന്മാർ എന്നിവരെ പങ്കെടുപ്പിക്കേണ്ടതുമാണ്.

5. **പ്രചാരണ പ്രവർത്തനങ്ങൾ**

സംസ്ഥാനതല യോഗങ്ങൾ പൂർത്തിയായാൽ സംസ്ഥാനതല ഐ.ഇ.സി. സെൽ തയ്യാറാക്കുന്ന പരസ്യങ്ങൾ വിവിധ മാധ്യമങ്ങൾ വഴി പ്രസിദ്ധീകരിക്കാവുന്നതാണ്.

വീഡിയോകൾ, പോസ്റ്ററുകൾ, പോഡ്കാസ്റ്റുകൾ തുടങ്ങി എല്ലാ രൂപങ്ങളിലുമുള്ള പ്രചാരണ സാമഗ്രികൾ ഇതിനായി നിർമ്മിക്കാവുന്നതും, പ്രചരണ സാമഗ്രികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരമാവധി പ്രചരിപ്പിക്കേണ്ടതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങളിലും കത്തുകളിലുമെല്ലാം 'മനസ്സോടിത്തിരി മണ്ണി'ന്റെ പരസ്യവാചകം കൂടി ഉൾപ്പെടുത്തുന്നതുൾപ്പെടെ എല്ലാ സാധ്യതകളും പരിഗണിക്കേണ്ടതാണ്.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും കലാ–സാംസ്കാരിക മേഖലകളിൽ പൊതു സ്വീകാര്യതയുള്ള ഒരാളെ ക്യാമ്പയിന്റെ ബ്രാന്റ് അംബാസിഡർ ആകുന്നത് പ്രചരണ പ്രവർത്തനങ്ങളുടെ സ്വീകാര്യത വർദ്ധിപ്പിക്കുന്നതിന് ഗുണകരമായിരിക്കും.

സെലിബ്രിറ്റികളും സാധാരണക്കാരും ക്യാമ്പയിന്റെ ഭാഗമാകുന്ന സമീപനമാണ് ഉണ്ടാകേണ്ടത്. സമ്പന്നരായവരും സാധാരണക്കാരും ഭൂമി സംഭാവനയായി നൽകിയതിന്റെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്ന വീഡിയോകളും പോസ്റ്ററുകളും പരമാവധി പ്രചരിപ്പിക്കേണ്ടതാണ്.

# II. തദ്ദേശ സ്വയംഭരണ സ്ഥാപനതല പ്രവർത്തനങ്ങൾ

## 1. പരിശീലനം

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ക്യാമ്പയിൽ നടത്തിപ്പ് സംബന്ധിച്ച് വിശദമായ പരിശീലനം സംഘടിപ്പിക്കേണ്ടതാണ്. പരിശീലനത്തിൽ മുഴുവൻ ജനപ്രതിനിധികളേയും സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ലൈഫ് നിർവ്വഹണ ഉദ്യോഗസ്ഥർ, കില റിസോഴ്സ് പേഴ്സൺ, നവകേരളം റിസോഴ്സ് പേഴ്സൺ എന്നിവരെയും പങ്കെടുപ്പിക്കേണ്ടതാണ്. പരിശീലനത്തിനാവശ്യമായ മൊഡ്യൂൾ തയ്യാറാക്കലും ഫാക്കൽറ്റിമാരെ കണ്ടെത്തലും നവകേരളം കർമ്മപദ്ധതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കേണ്ടതാണ്. ഇത്തരം പരിശീലത്തിനാവശ്യമായ റിസോഴ്സ് പേഴ്സൺമാരുടെ സേവനം കില ലഭ്യമാക്കേണ്ടതാണ്.

ഒരു അർദ്ധദിന പരിശീലന പരിപാടിയായി സംഘടിപ്പിക്കേണ്ട പരിശീലനത്തിന്റെ ഘടനയും നടപടിക്രമങ്ങളും സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഉദ്ഘാടന സെഷൻ | : 30 മിനിട്ട് (എം.പി./എം.എൽ.എ./ജില്ല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് / സാംസ്കാരിക നായകർ/ പ്രമുഖ രാഷ്ട്രീയ നേതാക്കൾ) |
| 'മനസോടിത്തിരി മണ്ണ്' ക്യാമ്പയിൻ എന്ത്? എന്തിന്? | : 45 മിനിട്ട് |
| സംഘാടക സമിതികളുടെ രൂപീകരണവും ചുമതലകളും | : 30 മിനിട്ട് |
| ക്യാമ്പയിൻ സംഘാടനവും മോണിറ്ററിംഗും | : 45 മിനിട്ട് |
| സംശയ നിവാരണം | : 15 മിനിട്ട് |

## 2. ഭരണ സമിതി യോഗം

പരിശീലന പ്രവർത്തനം പൂർത്തിയായാൽ ഏറ്റവുമടുത്ത ദിവസംതന്നെ "മനസ്സോടിത്തിരി മണ്ണ്" ക്യാമ്പയിൻ മാത്രം അജണ്ടയായി ഉൾക്കൊള്ളിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണ സമിതിയുടെ ഒരു യോഗം ചേരേണ്ടതാണ്. ഈ യോഗത്തിൽ ആവശ്യമെങ്കിൽ പരിശീലനം സിദ്ധിച്ച റിസോഴ്സ് പേഴ്സൺമാരെ വിശദീകരണത്തിനായി ക്ഷണിക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും വാർഡുതലങ്ങളിലും

രൂപീകരിക്കേണ്ട സംഘാടക സമിതികൾ രൂപീകരിച്ച് അംഗീകാരം നൽകേണ്ടതാണ്.

## 3. സംഘാടക സമിതികൾ, മോണിറ്ററിംഗ് സമിതി എന്നിവ രൂപീകരിക്കൽ

ക്യാമ്പയിൻ ഘടകങ്ങൾ സംബന്ധിച്ചും അത് നടപ്പാക്കേണ്ടതിന്റെ രീതി ശാസ്ത്രം സംബന്ധിച്ചുമുള്ള പരിശീലനം പൂർത്തിയായാൽ ഉടൻ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും വാർഡ്തലത്തിലും സംഘാടക സമിതികൾക്ക് രൂപം നൽകണം.

### 3.1 തദ്ദേശ സ്വയംഭരണ സ്ഥാപനതല സംഘാടക സമിതിയുടെ ഘടന

തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ചുവടെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി സംഘാടക സമിതിക്ക് രൂപം നൽകേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണ സമിതിയാണ് ഇതിന് അംഗീകാരം നൽകേണ്ടത്.

| | |
|---|---|
| രക്ഷാധികാരികൾ | : എം.പി., എം.എൽ.എ. |
| അധ്യക്ഷ(ൻ) | : തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷ(ൻ) |
| കൺവീനർ | : സെക്രട്ടറി |
| അംഗങ്ങൾ | : ലൈഫ് നിർവ്വഹണ ഉദ്യോഗസ്ഥ(ൻ)<br>വി.ഇ.ഒ., എസ്.സി./എസ്.ടി. പ്രൊമോട്ടർ,<br>പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് ഉദ്യോഗസ്ഥർ,<br>ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ<br>എല്ലാ അംഗീകൃത രാഷ്ട്രീയ പാർട്ടികളുടേയും പ്രതിനിധികൾ<br>ജില്ലാ /ബ്ലോക്ക് /ഗ്രാമ പഞ്ചായത്ത്/നഗരസഭ ജനപ്രതിനിധികൾ<br>മത-സാമുദായിക സംഘടനാ പ്രതിനിധികൾ<br>റസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ<br>ബാങ്ക്/ സഹകരണ ബാങ്ക്/ സംഘം പ്രസിഡന്റുമാർ<br>വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധികൾ<br>സി.ഡി.എസ്. ചെയർപേഴ്സൺ<br>വിദ്യാഭ്യാസ സ്ഥാപന പ്രതിനിധികൾ<br>നവകേരളം കർമ്മപദ്ധതി റിസോഴ്സ് പേഴ്സൺ |

### 3.1.1. തദ്ദേശ സ്വയംഭരണ സ്ഥാപനതല സംഘാടക സമിതിയുടെ ചുമതലകൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഈ ക്യാമ്പയിന് എല്ലാ പിന്തുണയും ലഭ്യമാക്കൽ
- ലൈഫ് ഭൂരഹിത ഭവനരഹിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളിൽ ഇതുവരെയും ഭൂമി ലഭ്യമായിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വാർഡുതല പട്ടിക തയ്യാറാക്കുക.
- വാർഡുതല സമിതിയുടെ നേതൃത്വത്തിൽ ക്യാമ്പയിൻ പ്രവർത്തനങ്ങളും ഭൂമി സംഭാവന ചെയ്യുന്നവരെ കണ്ടെത്തലും നടക്കുന്നു എന്ന് ഉറപ്പുവരുത്തുക.
- ഭൂമി സംഭാവന ചെയ്യാൻ സാധ്യതയുള്ളവരെ സമീപിക്കുന്നതിന് വാർഡുതല സമിതി സഹായം അഭ്യർത്ഥിക്കുന്ന ഘട്ടത്തിൽ ആയത് ലഭ്യമാക്കുക.
- ഭൂമി വാങ്ങി സംഭാവന ചെയ്യാൻ സന്നദ്ധത അറിയിക്കുന്നവർക്ക് ഭവന നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തി നൽകുക.

### 3.2 വാർഡുതല സംഘാടക സമിതിയുടെ ഘടന

ചുവടെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി വാർഡുതല സംഘാടക സമിതിക്ക് രൂപം നൽകേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപന ഭരണ സമിതിയാണ് ഇതിന് അംഗീകാരം നൽകേണ്ടത്.

| | |
|---|---|
| അധ്യക്ഷ(ൻ) | : വാർഡ് മെമ്പർ/കൗൺസിലർ |
| കൺവീനർ | : വാർഡു ചുമതലയുള്ള ഉദ്യോഗസ്ഥ(ൻ) |
| അംഗങ്ങൾ | : എല്ലാ അംഗീകൃത രാഷ്ട്രീയ പാർട്ടികളുടേയും പ്രതിനിധികൾ<br>ജില്ലാ /ബ്ലോക്ക് /ഗ്രാമ പഞ്ചായത്ത്/നഗരസഭ ജനപ്രതിനിധികൾ<br>മത–സാമുദായിക സംഘടനാ പ്രതിനിധികൾ<br>റസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ<br>ബാങ്ക് /സഹകരണ ബാങ്ക്/സംഘം പ്രസിഡന്റുമാർ<br>വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധികൾ<br>സി.ഡി.എസ്. അംഗം |

സ്കൂൾ/കോളേജ് പി.ടി.എ./എസ്.എം.സി. പ്രതിനിധികൾ

### 3.2.1 വാർഡുതല സംഘാടക സമിതിയുടെ ചുമതലകൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് ലഭിക്കുന്ന ഭൂരഹിത ഭവന രഹിതരുടെ വാർഡുതല ലിസ്റ്റ് പരിശോധിച്ച്, അതിൽ സ്വന്തമായി ഭൂമി ആർജിക്കാൻ ശേഷിയുള്ളവർ, പരമ്പരാഗത ഭൂമി ലഭിക്കാൻ സാധ്യതയുള്ളവർ എന്നിവരെ വേർതിരിക്കുകയും അവർക്ക് അപ്രകാരം ഭൂമി ലഭിച്ചു എന്ന് ഉറപ്പുവരുത്താൻ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുക.
- 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന് സർവ്വതല സ്പർശിയായ പ്രചരണം നൽകുക.
- ഭൂമി സംഭാവനയായി നൽകാൻ സാധ്യതയുള്ളവരുടേയും ഭൂമി വാങ്ങി നൽകാൻ സാധ്യതയുള്ളവരുടേയും പട്ടിക തയ്യാറാക്കുക.
- സംഭാവനയായി ലഭിക്കുന്ന ഭൂമി ഗുണഭോക്താക്കളുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകുന്നതിനാവശ്യമായ സഹായം ചെയ്തു കൊടുക്കുക.
- ഭൂമി സംഭാവന ചെയ്യാൻ സന്നദ്ധത പ്രകടിപ്പിക്കുന്നവർക്ക് യാതൊരു വിധത്തിലുള്ള ബുദ്ധിമുട്ടുകളും ഉണ്ടാകാത്ത വിധത്തിൽ രജിസ്ട്രേഷൻ നടപടിക്രമങ്ങൾക്ക് വേണ്ട സഹായം ചെയ്തുകൊടുക്കൽ.

### 3.3 മോണിറ്ററിംഗ് സെൽ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസിഡന്റ്/ചെയർമാൻ/മേയർ, സെക്രട്ടറി, അസി. സെക്രട്ടറി/അഡീഷണൽ സെക്രട്ടറി, ലൈഫ് നിർവ്വഹണ ഉദ്യോഗസ്ഥർ, വികസന-ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺമാർ എന്നിവരുൾപ്പെടുന്ന മോണിറ്ററിംഗ് സെല്ലിന് രൂപം നൽകണം.

## 4. പ്രചാരണ പ്രവർത്തനങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനതല സംഘാടക സമിതിയും വാർഡുതല സംഘാടക സമിതികളും രൂപീകരിക്കുന്നതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ വിപുലമായ പ്രചരണ പ്രവർത്തനങ്ങൾക്ക് തുടക്കം

കുറിക്കണം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ, വിവിധ സമ്മേളനങ്ങൾ, ഉത്സവങ്ങൾ തുടങ്ങിയ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തണം. ഇതിനായി സംസ്ഥാനതല ഐ.ഇ.സി. സെൽ തയ്യാറാക്കി നൽകുന്ന പ്രചരണ സാമഗ്രികൾക്കു പുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലോ വാർഡുതലത്തിലോ തയ്യാറാക്കുന്ന പ്രാദേശിക സവിശേഷതകൾക്കുതകുന്ന പ്രചരണ സാമഗ്രികളും പ്രയോജനപ്പെടുത്താവുന്നതാണ്.

## 5. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ക്യാമ്പയിൻ എങ്ങനെ?

### 5.1 ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റ് തയ്യാറാക്കൽ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലൈഫ് ഭൂരഹിത ഭവനരഹിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളിൽ ഇതുവരെയും ഭൂമി ലഭ്യമായിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വാർഡുതല പട്ടിക തയ്യാറാക്കുക. ലൈഫ് മൂന്നാം ഘട്ടം, അഡീഷണൽ ലിസ്റ്റ്, ലൈഫ് 2020 എന്ന ക്രമത്തിൽ മുൻഗണന നൽകേണ്ടതാണ്.

### 5.2 ലിസ്റ്റ് പരിശോധന

ഭൂരഹിത ഭവന രഹിതരുടെ പട്ടിക തയ്യാറാക്കി കഴിഞ്ഞാൽ അവ രണ്ടു തലത്തിലുള്ള പരിശോധനയ്ക്ക് വിധേയമാക്കണം.

a) വിവിധ വകുപ്പുകളുടെ സ്കീമുകളുടെ ഭാഗമായി ഭൂമി ലഭിക്കാൻ സാധ്യതയുള്ള ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിച്ച് അവരെ മുൻഗണനാ പട്ടിക പ്രകാരം കണ്ടെത്തി നടപടികൾ സ്വീകരിക്കൽ. പട്ടികജാതി/പട്ടികവർഗ്ഗ/ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ, പ്രൊമോട്ടർമാർ തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതല സംഘാടക സമിതി യോഗം ചേർന്നാണ് ഈ പരിശോധന നടത്തേണ്ടത്. ഇത്തരത്തിൽ ഭൂമി ലഭിക്കാൻ സാധ്യതയുള്ളവരെ ഒഴിവാക്കിയ പട്ടികയാണ് വാർഡുകൾക്ക് കൈമാറേണ്ടത്.

b) വാർഡ്തല സംഘാടക സമിതിയുടെ നേതൃത്വത്തിൽ സ്വന്തമായി ഭൂമി ആർജിക്കാൻ ശേഷിയുള്ളതോ, ഏതെങ്കിലും തരത്തിൽ പരമ്പരാഗത ഭൂമി ലഭിക്കാൻ സാധ്യതയുള്ളതോ ആയ ഗുണഭോക്താക്കളെ കണ്ടെത്തൽ. ഗുണഭോക്താവിന് സ്വന്തമായി ഭൂമി ആർജിക്കാൻ ശേഷിയില്ലാതിരിക്കുകയും ഗുണഭോക്താവിന്റെ കുടുംബത്തിലുള്ളവർക്ക്/ഏറ്റവും അടുത്ത സുഹൃത്തുക്കൾക്ക് അത് നേടിക്കൊടുക്കാൻ സഹായിക്കാനുള്ള ശേഷി ഉണ്ടായിരിക്കുകയും ചെയ്യുന്ന സാഹചര്യം ഉൾപ്പെടെ

പരിശോധനയ്ക്ക് വിധേയമാക്കണം. ഇത്തരം സന്ദർഭത്തിൽ വാർഡ് തല സമിതി പ്രേരണ ചെലുത്തി പ്രസ്തുത ബന്ധുക്കൾ/സുഹൃത്തുക്കൾ വഴി ഭൂമി ലഭ്യമാക്കുന്നതിനുള്ള പരിശ്രമം നടത്തണം. ഇത്തരത്തിൽ കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ഭൂമി ലഭിച്ചു എന്ന് വാർഡ്തല സംഘാടക സമിതി ഉറപ്പുവരുത്തണം.

ഈ പരിശോധനകൾക്കു ശേഷം ഒരു തരത്തിലും ഭൂമി ലഭിക്കാൻ സാധ്യതയില്ലാത്ത ഗുണഭോക്താക്കളുടെ പട്ടിക വാർഡുതലത്തിൽ തയ്യാറാക്കേണ്ടതും അവയെ തദ്ദേശ സ്വയംഭരണ സ്ഥാപനതല സംഘാടക സമിതി പരിശോധിച്ച്, ക്രോഡീകരിച്ച് ഭരണ സമിതിക്ക് കൈമാറേണ്ടതുമാണ്. ടി ഗുണഭോക്താക്കൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി ക്യാമ്പയിനിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതുണ്ട്.

## 5.3 ഭൂമി സംഭാവനയായി നൽകാൻ സന്നദ്ധരയായവരുടെ പട്ടിക തയ്യാറാക്കൽ/ ഭൂരഹിതർക്കായി പ്രയോജനപ്പെടുത്താൻ സാധ്യതയുള്ള ഭൂമിയുടെ പട്ടിക തയ്യാറാക്കൽ

വാർഡുതല സംഘാടക സമിതിയുടെ നേതൃത്വത്തിൽ ഭൂമി സംഭാവന ചെയ്യുന്നതിന് സമീപിക്കാവുന്നവരുടെ പട്ടിക തയ്യാറാക്കണം. വാർഡിലെ എല്ലാ ഭൂരഹിത ഭവനരഹിതരുടേയും ആവശ്യത്തിന് ഭൂമി ലഭ്യമാകണമെന്നതിനാൽ സാധ്യമായ എല്ലാ സ്രോതസ്സുകളും പട്ടികപ്പെടുത്തേണ്ടതാണ്. ചുവടെ പറയുന്നവരെയെല്ലാം ആ പട്ടികയിൽ ഉൾപ്പെടുത്താനായി പരിഗണിക്കാവുന്നതാണ്.

- വലിയ അളവിൽ ഭൂസ്വത്തുള്ളവർ
- സാമ്പത്തികമായി ഉയർന്ന നിലയിലുള്ളവർ
- ജീവകാരുണ്യ പ്രവർത്തനങ്ങളിൽ തത്പരരായ വ്യക്തികളും സ്ഥാപനങ്ങളും സംഘടനകളും
- ഭൂമി ഏറെക്കാലമായി ഉപയോഗിക്കാതെ ഉപേക്ഷിച്ച് വിദേശത്ത് സ്ഥിര താമസമാക്കിയവർ
- ഉടമസ്ഥരില്ലാതെ കിടക്കുന്ന ഭൂമി
- ഉപയോഗ ശൂന്യമായിക്കിടക്കുന്ന പുറമ്പോക്ക്
- പൊതു സ്ഥാപനങ്ങളുടെ/ സ്വകാര്യ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി.

മേൽപ്പറഞ്ഞവരുൾപ്പെടെ ഭൂമി സംഭാവനയായി ലഭിക്കാൻ സാധ്യതയുള്ള എല്ലാ സ്രോതസ്സുകളും പട്ടികപ്പെടുത്തി വാർഡുതല സംഘാടക സമിതിയിൽ ചർച്ച ചെയ്യുകയും വാർഡുതല സംഘാടക സമിതിയുടെ നേതൃത്വത്തിൽ ഈ വ്യക്തികളെ/സ്ഥാപനങ്ങളെ/സംഘടനകളെ സമീപിച്ച് പരമാവധി ഭൂമി സംഭാവന ചെയ്യിപ്പിക്കുകയും വേണം.

കൂടുതൽ ഭൂമി ലഭിക്കാൻ സാധ്യതയുള്ള സാഹചര്യങ്ങളിൽ സ്ഥലം MLA/MP/പഞ്ചായത്ത് പ്രസിഡന്റ് തുടങ്ങിയ മുതിർന്ന നേതാക്കളെക്കൂടി പങ്കെടുപ്പിച്ചു കൊണ്ട് ഭൂമി സംഭാവന ചെയ്യാൻ സന്നദ്ധരായവരെ സമീപിക്കുന്നത് ഗുണകരമാവും. ആവശ്യമായ ഘട്ടങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതല സംഘാടക സമിതിയുടെ പിന്തുണയും തേടാവുന്നതാണ്.

## 5.4 ഭൂമി വാങ്ങി സംഭാവന ചെയ്യാൻ സാദ്ധ്യതയുള്ളവരുടെ പട്ടിക തയ്യാറാക്കൽ

ഭൂമി വാങ്ങി സംഭാവന ചെയ്യാൻ സാധ്യതയുള്ളവരുടെ പട്ടികയും വാർഡുതല സംഘാടക സമിതിയുടെ നേതൃത്വത്തിൽ തയ്യാറാക്കേണ്ടതാണ്. ചുവടെപ്പറയുന്നവരെയെല്ലാം ഈ പട്ടികയിൽ പരിഗണിക്കാവുന്നതാണ്

- വാർഡിലെ ആരാധനാലയങ്ങൾ
- വാർഡിലെ മത സ്ഥാപനങ്ങൾ
- റസിഡന്റ്സ് അസോസിയേഷനുകൾ
- വ്യാപാരി വ്യവസായി സംഘടനകൾ
- പൂർവ്വ വിദ്യാർത്ഥി സംഘടനകൾ
- രാഷ്ട്രീയ പാർട്ടികൾ
- യുവജന സംഘടനകൾ
- കുടുംബയോഗങ്ങൾ
- സഹകരണ ബാങ്കുകളും സ്ഥാപനങ്ങളും
- ദേശസാത്കൃത ബാങ്കുകൾ
- വ്യവസായ ശാലകൾ
- സ്വകാര്യസ്ഥാപനങ്ങൾ/സ്കൂളുകൾ/കോളേജുകൾ/സന്നദ്ധ സംഘടനകൾ

വാർഡുതല സംഘാടക സമിതിയുടെ നേതൃത്വത്തിലോ മറ്റുള്ളവരുടെ കൂടി സഹായത്താലോ ഈ പട്ടികയിലെ വ്യക്തികളേയും സ്ഥാപനങ്ങളേയും സംഘടനകളേയും സമീപിച്ച് ഭൂമി വാങ്ങി സംഭാവന

ചെയ്യുന്നതിനുള്ള അഭ്യർത്ഥന നടത്തണം. ഇപ്രകാരം ഭൂമി വാങ്ങി സംഭാവന ചെയ്യുമ്പോൾ സംഘാടക സമിതി നേരിട്ട് പണം കൈപ്പറ്റി ഭൂമി വാങ്ങുന്ന രീതി പരമാവധി ഒഴിവാക്കണം. സംഭാവനയായി വാങ്ങി നൽകാൻ സന്നദ്ധത പ്രകടിപ്പിക്കുന്നവർ നേരിട്ട് ഭൂമിയുടെ ഉടമസ്ഥർക്ക് തുക കൈമാറി ഭൂമി വാങ്ങുന്ന രീതി അവലംബിക്കുന്നതാണ് അഭികാമ്യം.

## 6. ഭൂമി രജിസ്റ്റർ ചെയ്യൽ

മുകളിൽപ്പറഞ്ഞ രണ്ടുരീതിയിൽ ഭൂമി ലഭ്യമാകുന്ന സാഹചര്യത്തിൽ ഏത്രയും വേഗം ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. 2019 ജൂൺ 3–ാം തീയതിയിലെ ഗസറ്റ് നോട്ടിഫിക്കേഷൻ നമ്പർ 396/2019, 403/2019 എന്നിവ പ്രകാരം ലൈഫ് ഗുണഭോക്താക്കൾക്ക് നൽകുന്ന ഭൂമിക്ക് രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ ഒഴിവാക്കിയിട്ടുണ്ട്. ഭൂമിയുടെ ഉപയുക്തത സംബന്ധിച്ച് സർക്കാരിന്റെ 08.07.2022–ലെ സ.ഉ. (കൈ) 147/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവിന്റെ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. ഭൂമി സംഭാവന ചെയ്യുന്നവർക്ക് രണ്ട് രീതിയിൽ ഭൂമി രജിസ്ട്രേഷൻ നടത്താവുന്നതാണ്.

a) ഗുണഭോക്താക്കളുടെ പേരിൽ നേരിട്ട് രജിസ്ട്രേഷൻ നടത്തി നൽകൽ
b) തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകൽ

ആദ്യത്തെ രീതി സ്വീകരിക്കുന്ന ഭൂദാതാക്കൾക്ക് ഏതെങ്കിലും പ്രത്യേക ഗുണഭോക്താക്കൾക്ക് ഭൂമി നൽകാൻ താത്പര്യം ഉണ്ടെങ്കിൽ ആയത് ചെയ്യുന്നതിന് സ്വാതന്ത്ര്യം ഉണ്ടായിരിക്കും. ഏതെങ്കിലും പ്രത്യേക ഗുണഭോക്താക്കൾക്ക് നൽകണം എന്ന് നിർബന്ധമില്ലാത്തവർ നേരിട്ട് രജിസ്ട്രേഷൻ നടത്തുമ്പോൾ ലൈഫ് മുൻഗണനാ പട്ടികയിലെ ക്രമം പാലിച്ച് മാത്രമേ ഭൂമി നൽകാൻ പാടുള്ളൂ.

തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ പേർക്ക് രജിസ്റ്റർ ചെയ്ത് കിട്ടുന്ന ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ തയ്യാറാക്കിയ മുൻഗണനാ പട്ടിക പ്രകാരം രജിസ്റ്റർ ചെയ്ത് നൽകേണ്ടതാണ്.

## 7. മോണിറ്ററിംഗ്

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ രൂപീകരിക്കുന്ന മോണിറ്ററിംഗ് സമിതികൾ ആഴ്ചയിലൊരിക്കൽ യോഗം ചേർന്ന് വാർഡുതലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുകയും പരിഹരിക്കേണ്ട പ്രശ്നങ്ങൾ

അപ്പപ്പോൾതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനതല സംഘാടക സമിതിയുടേയും ഭരണസമിതിയുടേയും ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹരിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനതല സംഘാടക സമിതി മാസത്തിലൊരിക്കലെങ്കിലും യോഗം ചേർന്ന് പ്രവർത്തനം വിലയിരുത്തി ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ ആവശ്യമായ സ്ഥലങ്ങളിൽ സഹായം ചെയ്യുകയും വേണം.

'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ പുരോഗതി ചർച്ച ചെയ്യുന്നതിനായി രണ്ടാഴ്ചയിലൊരിക്കൽ തദ്ദേശസ്വയംഭരണ സമിതി യോഗം ചേർന്ന് വാർഡുതല പ്രവർത്തനങ്ങൾ സൂക്ഷ്മമായി വിലയിരുത്തി വാർഡുതല സമിതികൾക്ക് ആവശ്യമായ നിരദ്ദേശങ്ങളും സഹായങ്ങളും ലഭ്യമായി ക്യാമ്പയിൻ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കേണ്ടതാണ്.

## 8. പ്രശംസാപത്രം

'മനസ്സോടിത്തിരി മണ്ണ്'–ന്റെ ഭാഗമായി ഭൂമി ദാനം നൽകുന്ന വ്യക്തികൾക്കും സംഘടനകൾക്കും നിശ്ചിത മാതൃകയിലുള്ള പ്രശംസാപത്രം നൽകി ആദരിക്കേണ്ടതാണ്.

## 9. തദ്ദേശസ്വയംഭരണ സ്ഥാപങ്ങൾക്ക് ആദരവ്

'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൽ കൂടുതൽ ജനഹൃദയങ്ങളിലെത്തിച്ച് പൂർണ്ണ വിജയം കൈവരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ജില്ലാ/സംസ്ഥാനതലത്തിൽ ആദരിക്കുന്നതാണ്.